രാജാക്കാട് - 75 രൂപ

16. ഓവർസീയർ ഓഫീസ്, കുഞ്ചിത്തണ്ണി- 50 രൂപ

17. സബ് എഞ്ചിനീയറാഫീസ്, ഉപ്പുതറ - 850 രൂപ

18. സബ് എഞ്ചിനീയർ ഓഫീസ്, കുമളി - 70 രൂപ.

(സി) ഉടമസ്ഥരുടെ വിവരം ചുവടെ കൊടുക്കുന്നു.

1. ശാന്താ ജോസഫ്, പാലത്തിനാൽ, തൊടുപുഴ.
2. യമുന ജോസഫ്, പാലത്തിനാൽ, തൊടുപുഴ
3. അപ്പുമോൻ ജോസഫ്, പാലത്തിനാൽ, തൊടുപുഴ.
4. ആന്റണി ജോസഫ്, പാലത്തിനാൽ, തൊടുപുഴ.
5. തൊടുപുഴ മുനിസിപ്പാലിറ്റി
6. പി.സി. നാരായണൻ നായർ, പത്മവിലാസം, മാങ്കാട്, തൊടുപുഴ
7. ഭവാനി അമ്മ, പൊത്താനികുന്നേൽ, കാഞ്ഞിരമറ്റം, തൊടുപുഴ
8. ശ്രീ. കെ.എ. തോമസ്, കുന്നുംപുറത്ത്, മുളപ്പുറം, കരിമണ്ണൂർ.
9. ജോൺസൺ ഡേവിഡ്, ഇടപഴതിനാർ, കലിയാർ.
10. എ.സി. എബ്രഹാം, ആലക്കുപാലയിൽ, കോടിക്കുളം.
11. ഔസേപ്പ്, പള്ളിവാതുക്കൽ, മുട്ടം
12. പി.എം. ഗോപാലകൃഷ്ണൻ, മങ്കുഴികണ്ടത്തിൽ, കട്ടപ്പന
13. വി.എ. മത്തായി, ഈരയ്ക്കാകുടി, അടിമാലി.
14. ഫിലോമിന കുരുവിള, പുത്തേട്ടു ഹൗസ്, വണ്ടിപ്പെരിയാർ.
15. രുഗ്മിണിയമ്മ, ചന്ദ്രാലയം, കിഴക്കുകട, ചെങ്ങന്നൂർ.
16. ഫാ. ജോസ് പുറ്റാലിൽ, പുതുപെരിയാർ, തൊടുപുഴ.
17. പി.സി. വർഗ്ഗീസ്, പാലത്തുങ്കൽ, കുമളി.
18. പി.എം. ഗോപാലകൃഷ്ണൻ, മങ്കുഴികണ്ടത്തിൽ, കട്ടപ്പന.

(ഡി) ഇലക്ട്രിക്കൽ സർക്കിൾ തൊടുപുഴയും, ഡിവിഷൻ ഓഫീസും ബി.എസ്.യൂണിറ്റും സെക്ഷൻ ഓഫീസും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. പൊതുജന താൽപ്പര്യം കൂടി കണക്കിലെടുത്താണ് ബോർഡിന്റെ ആഫീസുകൾ പ്രവർത്തിക്കേണ്ടത്. ഇപ്പോൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ബോർഡിന്റെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

87 (1937) പോത്തുപാറ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കാനുള്ള നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കോന്നി നിയോജകമണ്ഡലത്തിലെ പോത്തുപാറ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കാനുള്ള നടപടി ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിന്റെ അനുമതിക്കായി എന്നാണ് റിവൈസ്ഡ് പ്രൊഫോർമയിൽ അപേക്ഷ സമർപ്പിച്ചത്;

(സി) ഇതിൻപ്രകാരം വനംവകുപ്പ് സ്വീകരിച്ച നടപടി എന്താണെന്ന് വൈദ്യുതി വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പോത്തുപാറ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിന് ലൈൻ വലിക്കാൻ വനം വകുപ്പിന്റെ അനുമതിയ്ക്കായി, കോന്നി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 16.6.1999-ൽ

(സി) ഇല്ല.

(ഡി) വനംവകുപ്പിന്റെ അനുമതി ലഭിച്ചാൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

88 (1938) ഫീഡർ മാറ്റി ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്ന നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാല ലോഡ്ഷെഡ്ഡിംഗ് ഏതെങ്കിലും വ്യക്തികളുടെ സൗകര്യത്തിനായി ഫീഡർ മാറ്റി ഒഴിവാക്കാൻ അനുവാദം നൽകാറുണ്ടോ;

(ബി) ഇത്തരത്തിൽ സൗകര്യം ചെയ്തു കൊടുത്തതായി തിരുവനന്തപുരം ജില്ലയിൽ നിന്നും എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വസതിയിലെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാൻ ഫീഡർ മാറ്റിക്കൊടുത്തതായി വിജിലൻസ് വിഭാഗം കണ്ടെത്തിയതായി അറിവുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) ഇക്കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly